**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **22-02-2022 - ൽ മറുപടിയ്ക്ക്**

**അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പ്പും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പ്പും സ്വകാര്യമേഖലയ്ക്ക് കൈമാറുവാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ലീഗൽ മെട്രോളജി വകുപ്പിനെ നിർവീര്യമാക്കുന്നതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ലീഗൽ മെട്രോളജി ആക്ടിലെ സെക്ഷൻ 24ൽ അളവ് തൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പ്പും ഗവൺമെന്റ് അപ്രൂവ്ഡ് ടെസ്റ്റ് സെന്റർ മുഖേനയും നിർവ്വഹിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് സർക്കാരിതര ഏജൻസികളെ യാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ലീഗൽ മെട്രോളജി (ഗവണ്മെന്റ് അപ്രൂവ്ഡ് ടെസ്റ്റ് സെന്റർ) റൂൾസ് 2013-ൽ, 01-02-2021ലെ കേന്ദ്രവിജ്ഞാപനപ്രകാരം വരുത്തിയ ഭേദഗതിയിന്മേലുള്ള റിപ്പോർട്ട് ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അളവ് തൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രവയ്പ്പും പൂർണ്ണമായും സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് വകുപ്പിന് നിലവിൽ മുദ്രവയ്പ്പൽ മേഖലയിലുള്ള നിയന്ത്രണം കുറയാൻ ഇടയാക്കും. സ്വകാര്യമേഖലയിലുള്ളവർ ചെയ്യുമ്പോൾ അപ്രകാരം ചെയ്യുന്ന എല്ലാ മേഖലയിലും പരിശോധന നടത്തുവാൻ വകുപ്പിന് കഴിയാതെ വരും. |
| (ബി) | പ്രസ്തുത തീരുമാനം സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തിൽ വലിയ കുറവ് വരുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഇപ്രകാരം സ്വകാര്യ മേഖലയ്ക്ക് മുദ്രവയ്പ് നൽകുമ്പോൾ സംസ്ഥാന സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകുവാൻ സാധ്യതയുണ്ട്. |
| (സി) | പ്രസ്തുത തീരുമാനം ഉപഭോക്താക്കൾക്ക് അളവ് തൂക്കങ്ങളിൽ ഉണ്ടായിരുന്ന സർക്കാർ ഗ്യാരണ്ടി ഇല്ലാതാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നിലവിൽ ലീഗൽ മെട്രോളജി ആഫീസറുടെ സാന്നിദ്ധ്യത്തിലാണ് മുദ്രചെയ്യുന്നത്. സ്വകാര്യവൽക്കരിച്ച് കഴിഞ്ഞാൽ ഓരോ ഉപകരണത്തിന്റെയും കൃത്യത സർക്കാർതലത്തിൽ ബോദ്ധ്യപ്പെട്ടുവാനുള്ള സാദ്ധ്യത ഇല്ലാതാകുന്നു. |

സെക്ഷൻ ഓഫീസർ